കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാരുടെ നിയമനം

120 [5792] ശ്രീ. എ. പി. അനിൽകുമാർ:
„ കെ. സി. വേണുഗോപാൽ:
„ എം. മുരളി:
ശ്രീമതി മാലേത്ത് സരളാദേവി:
„ മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാരുടെ നിയമനം സംബന്ധിച്ച് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണ്;

(ബി) അത് ഗസറ്റിലോ മറ്റു വിധത്തിലോ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസിദ്ധീകരിച്ച പ്രകാരമുള്ള പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കോപ്പി മേശപ്പുറത്തുവയ്ക്കുമോ;

(ഡി) ഈ ലിസ്റ്റിൽ ഷീബാ സിംഗ്, രജിൽ, അനിൽ മാത്യു എന്നിവരുടെ പേര് ഉൾക്കൊള്ളുന്നുണ്ടോ;

(ഇ) എങ്കിൽ അവരുടെ റാങ്ക് എത്ര എന്ന് പറയുമോ;

(എഫ്) ഇവരെ പ്രസ്തുത സർവ്വകലാശാലയിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാരായി നിയമിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ പേരില്ലാതിരുന്നവരെ എപ്രകാരം നിയമിച്ചു എന്ന് പറയുമോ;

(എച്ച്) ഇവരുടെ പേര് റാങ്ക് ലിസ്റ്റിൽ ചേർക്കാതെ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ അതെപ്രകാരമെന്ന് വിശദീകരിക്കുമോ;

(ജെ) ഈ നിയമനം നടത്തിയിട്ട് എത്ര കാലമായി;

(കെ) പ്രസിദ്ധീകരിച്ച ലിസ്റ്റിൽ പേരില്ലാതിരുന്ന ഇവരെ നിയമിച്ചത് സംബന്ധിച്ച് ഇവരുടെ നിയമനാവസരത്തിൽ എന്തെങ്കിലും വിശദീകരണം കൊടുത്തിരുന്നുവോ;

(എൽ) റാങ്ക് ലിസ്റ്റിൽ ഇല്ലാത്ത ഇവരുടെ നിയമനം റദ്ദാക്കുമോ;

(എം) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 11-11-1997-ൽ.

(ബി) മെയിൻ ലിസ്റ്റ് 6-7-1999-ലെ കേരള ഗസറ്റ് നമ്പർ 27-ൽ പ്രസിദ്ധീകരിച്ചതിന് പുറമെ ജില്ലാ ഇൻഫർമേഷൻ കേന്ദ്രങ്ങളിലും സർവ്വകലാശാലാ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചിരുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഇല്ല. എന്നാൽ സാമൂദായിക അടിസ്ഥാനത്തിൽ സർവ്വകലാശാല തയ്യാറാക്കിയ സപ്ലിമെന്ററി ലിസ്റ്റുകളിൽ ഇവരുടെ പേരുണ്ട്.

(ഇ) സപ്ലിമെന്ററി ലിസ്റ്റുകളിൽ റാങ്ക് താഴെ കാണും പ്രകാരമാണ്:

ഷീബാ സിംഗ്	..	650
റജിൽ	..	665
അനിൽ മാത്യു	..	532

(എഫ്) ഉണ്ട്.

(ജി) സർവ്വകലാശാല തയ്യാറാക്കിയ സാമുദായിക അടിസ്ഥാനത്തിലുള്ള സപ്ലിമെന്ററി റാങ്ക് ലിസ്റ്റുകളിൽ ഇവരുടെ പേരുണ്ടായിരുന്നു.

(എച്ച്) സപ്ലിമെന്ററി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇവരുടെ പേര് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(ഐ) കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയതിന് ശേഷമാണ് സപ്ലിമെന്ററി ലിസ്റ്റ് ഉൾപ്പെടെയുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

(ജെ) താഴെക്കൊടുത്തിരിക്കുന്ന തീയതികളിലാണ് നിയമനം നടന്നത്:

ഷീബാ സിംഗ്	..	18-5-1998
റജിൽ	..	9-6-1999
അനിൽ മാത്യു	..	28-12-1998

(കെ) സപ്ലിമെന്ററി ലിസ്റ്റിൽ പേരുണ്ടായിരുന്നതിനാൽ വിശദീകരണത്തിന്റെ ആവശ്യമില്ലായിരുന്നു.

(എൽ, എം) സപ്ലിമെന്ററി ലിസ്റ്റിൽ പേരുള്ളവരായതിനാൽ നിയമനം റദ്ദ് ചെയ്യേണ്ടി വരുന്നില്ല.

എൻ.സി.ടി.ഇ.-യുടെ അംഗീകാരമില്ലാത്ത ബി.എഡ്. സെന്ററുകൾ

121 [5794] ശ്രീ. ബിനോയ് വിശ്വം:

.. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ അംഗീകാരമില്ലാതെ സംസ്ഥാനത്ത് സർവ്വകലാശാലകളുടെ കീഴിൽ ബി.എഡ്. സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly